©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ആഗസ്റ്റ് 4<br>4th August 2020<br>1195 കർക്കടകം 20<br>20th Karkadakam 1195<br>1942 ശ്രാവണം 13<br>13th Sravana 1942 | നമ്പർ<br>No. 31 |

# PART III

## Notifications by Heads of Departments

# Commissionerate of Land Revenue

മേൽപ്പറഞ്ഞിട്ടുള്ളവരാണ് പരേതന്റെ അനന്തരാവകാശികളെന്നുള്ളതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം അമ്പലപ്പുഴ തഹസീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
അമ്പലപ്പുഴ. തഹസീൽദാർ.

## Cherthala Taluk

പരസ്യം

നമ്പർ എഫ്4-7316/2020. 2020 ജൂൺ 26.

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ ചേർത്തല തെക്ക് വില്ലേജിൽ സൂര്യ ഭവൻ വീട്ടിൽ പി. ബി. ദിനമണി എന്നയാൾ 16-8-2019-ാം തീയതി മരണപ്പെട്ടുവെന്നും പരേതന്റെ നിയമാനുസൃത അവകാശികളെ കാണിക്കുന്നതിനും വിവിധ ആവശ്യത്തിലേക്കും അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ റ്റി. കെ. മനോരമ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടി പി. ബി. ദിനമണി എന്നയാൾ 16-8-2019-ാം തീയതി മരണപ്പെട്ടുവെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്ന 3 (മൂന്ന്) പേർ മാത്രമാണുള്ളതെന്നും അറിവായിരിക്കുന്നു. പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | റ്റി. കെ. മനോരമ | ഭാര്യ | 68 |
| 2 | എസ്. ഡി. മനോജ് | മകൻ | 45 |
| 3 | എം. മഞ്ജു | മകൾ | 40 |

മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ രേഖാമൂലം ചേർത്തല തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞു വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ചേർത്തല. തഹശീൽദാർ.

## Chengannur Taluk

പരസ്യം

നമ്പർ സി8-2031/2020. 2020 മേയ് 29.

ചെങ്ങന്നൂർ താലൂക്കിൽ വെൺമണി വില്ലേജിൽ പടിഞ്ഞാറ്റുംമുറിയിൽ തെങ്ങുംതറയിൽ വീട്ടിൽ റ്റി. എൻ. ഉമ്മർ എന്നയാൾ 3-12-2019-ൽ മരിച്ചുപോയെന്നും ടിയാന്റെ പേരിൽ വിവിധ ആവശ്യങ്ങൾക്ക് അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ ടിയിൽ ശോശാമ്മ ഉമ്മൻ സമർപ്പിച്ച അപേക്ഷയിൻമേൽ വെൺമണി വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൻ 3-12-2019-ാം തീയതിയിൽ മരിച്ചുപോയതാണെന്നും പരേതന്റെ അവകാശിയായി താഴെ പറയുന്നവരാണുള്ളതെന്നും അറിവായിരിക്കുന്നു.

| പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|
| ശോശാമ്മ ഉമ്മൻ | ഭാര്യ | 60 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തതിനാലും ടി പരേതന് അവിവാഹിതരായ സഹോദരങ്ങളില്ലാത്തിനാലും ടി ആനുകൂല്യം കൈപ്പറ്റുന്നതിന് മേൽപ്പറഞ്ഞ കക്ഷി മാത്രമാണ് പരേതന്റെ അവകാശിയെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം ചെങ്ങന്നൂർ തഹസീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ചെങ്ങന്നൂർ. തഹസീൽദാർ.

# KOTTAYAM DISTRICT

ലേല പരസ്യം

നമ്പർ RDOPLA/2714/2019-L5. 2020 ജൂൺ 2.

മീനച്ചിൽ താലൂക്കിൽ ളാലം വില്ലേജിൽ ബ്ലോക്ക് നമ്പർ 21-ൽ റീസർവ്വെ നമ്പർ 75/12-ൽപ്പെട്ട 48.20 ആർ സർക്കാർ പുറമ്പോക്കിൽ നിന്നിരുന്ന ഏകദേശം 5 മീറ്റർ വണ്ണമുള്ളതും 30 മീറ്റർ ഉയരമുള്ളതുമായ പാഴ്മരം (നാട്ടുഭാഷയിൽ പെരുംതൊലിമരം) ശ്രീമതി പ്രിൻസി തോമസ് കുര്യത്ത് എന്നവരുടെ കൈവശത്തിലും കരം തീരുവയിലുമുള്ള സമീപവസ്തുവിലേക്ക് കടപുഴകി വീണിട്ടുള്ളതാണ്. ടി മരം ലേലം ചെയ്ത് വിൽക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർ 12-3-2020-ലെ എൽ 8-2514/2020 നമ്പരായി ഉത്തരവായിട്ടുണ്ട്. ടി മരത്തിന് ₹ 20,230 (ഇരുപതിനായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ മാത്രം) മതിപ്പുവില നിശ്ചയിച്ചിട്ടുള്ളതാണ്. ടി മരം 8-9-2020-ാം തീയതി 11 മണിക്ക് ളാലം വില്ലേജാഫീസിൽ വച്ച് ലേല നിബന്ധനകൾ പ്രകാരം പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ₹ 2,030 രൂപ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതും ലേല സമയത്ത് ഹാജരായി ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതും അംഗീകാരം ലഭിച്ച ശേഷം ടി മരം ലേലം വിളിച്ച ആളിന് വിട്ടുകൊടുക്കുന്നതുമാണ്. മരത്തിന്റെ വിവരങ്ങൾ സ്ഥലപരിശോധനയിൽ നേരിൽ കാണാവുന്നതുമാണ്. ലേലം കൊണ്ടയാൾ നിരതദ്രവ്യം കിഴിച്ച് ബാക്കി സംഖ്യയും ലേലത്തുകയുടെ 18 ശതമാനം ചരക്ക് സേവന നികുതിയും ഉൾപ്പെടുന്ന തുകയുടെ 5.25 ശതമാനം എഫ്. ഡി. റ്റി.-യും ഒന്നായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പക്കൽ അടയ്ക്കേണ്ടതാണ്. സർക്കാർ ലേലത്തിനുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും. ലേല സ്ഥിരീകരണ ഉത്തരവ് ലഭിച്ചശേഷം ലേലം കൊണ്ടയാൾ സ്വന്തം ചെലവിൽ ടി തടി നീക്കം ചെയ്യേണ്ടതാണ്. ലേലം മാറ്റിവയ്ക്കുന്നതിനോ നിർത്തിവയ്ക്കുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും.

റവന്യൂ ഡിവിഷണൽ
ഓഫീസറുടെ കാര്യാലയം, (ഒപ്പ്)
പാല. റവന്യൂ ഡിവിഷണൽ ഓഫീസർ.